

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

പ്രൊഫ. എൻ. കൃഷ്ണപിള്ള ഫൗണ്ടേഷൻ

ഓഡിറ്റ് റിപ്പോർട്ട് 2024-25

ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം

e-mail: lfadtvm@yahoo.in

കെ.എസ്.എ.റ്റി.വി.എം/മിസ്.1/2148/2025

കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം-695001.

ഫോൺ 0471-2331231

e-mail- lfadtvm@yahoo.in

തീയതി : 29.11.2025

ജോയിന്റ് ഡയറക്ടർ.

സെക്രട്ടറി,
പ്രൊഫ. എൻ. കൃഷ്ണപിള്ള ഫൗണ്ടേഷൻ,
തിരുവനന്തപുരം

സർ,

വിഷയം: പ്രൊഫ. എൻ. കൃഷ്ണപിള്ള ഫൗണ്ടേഷന്റെ 2024-25 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളുടെ ഓഡിറ്റ് റിപ്പോർട്ട് അയയ്ക്കുന്നത് സംബന്ധിച്ച് -

പ്രൊഫ. എൻ. കൃഷ്ണപിള്ള ഫൗണ്ടേഷന്റെ 2024-25 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളുടെ ഓഡിറ്റ് റിപ്പോർട്ട് താങ്കളുടെ അറിവിലേയ്ക്കും അനന്തരനടപടികൾക്കുമായും അയയ്ക്കുന്നു.

വിശ്വസ്തതയോടെ

ജോയിന്റ് ഡയറക്ടർ

പകർപ്പ്

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

3) ഓഫീസ് കോപ്പി.

നം.കെ.എസ്.എ.റ്റി.വി.എം.മിസ്.1/2148/2025 തീയതി:29.11.2025

പ്രൊഫ. എൻ. കൃഷ്ണപിള്ള ഫൗണ്ടേഷൻ 2024-2025 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്

ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര്	ഹരികുമാർ ജി. ജോയിന്റ് ഡയറക്ടർ
ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് വിവരം	ശ്രീ. പ്രവീൺ എൻ.ജി. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ ശ്രീ. കിരൺ എം. സീനിയർ ഗ്രേഡ് ഓഡിറ്റർ
ഓഡിറ്റിന് വിനിയോഗിച്ച സമയം	14.11.2025
ഓഡിറ്റ് ചെയ്ത കണക്കുകളുടെ വിവരം	2024-25 വർഷത്തെ വരവ് ചെലവ് കണക്കുകൾ

നിർവഹണാധികാരികൾ

ചെയർമാൻ	ശ്രീ.പന്ന്യൻ രവീന്ദ്രൻ
സെക്രട്ടറി	ഡോ. എഴുമറ്റൂർ രാജരാജവർമ്മ
എക്സിക്യൂട്ടീവ് ഡയറക്ടർ	ശ്രീ. എസ്. ഗോപിനാഥ്
ട്രഷറർ	ശ്രീ. ബി. സുനിൽകുമാർ

ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ

സ്ഥാപനത്തിന്റെ 2024-25 സാമ്പത്തിക വർഷത്തെ വരവ്-ചെലവ് കണക്കുകൾ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്.

ഭാഗം -1

പൊതു അവലോകനം

1-1 പൊതു അവലോകനം

തിരുവിതാംകൂർ-കൊച്ചി ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം 17-07-1989ൽ 575/89-ാം നമ്പരായി രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചു വരുന്ന സ്ഥാപനമാണ് പ്രൊഫ. എൻ. കൃഷ്ണപിള്ള ഫൗണ്ടേഷൻ. “കൈരളിയുടെ കഥാകാരനായ" പ്രൊഫ. എൻ. കൃഷ്ണപിള്ളയുടെ സ്മരണ നിലനിർത്തുക, അദ്ദേഹം ഉയർത്തിപ്പിടിച്ച ആശയങ്ങളും മൂല്യങ്ങളും, സാഹിത്യാന്വേഷണങ്ങളും നിലനിർത്തുന്നതിനുതകുന്ന വ്യത്യസ്തമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് തിരുവനന്തപുരം ആസ്ഥാനമായി പ്രൊഫ.എൻ. കൃഷ്ണപിള്ള ഫൗണ്ടേഷൻ രൂപീകൃതമായിട്ടുള്ളത്.പ്രൊഫ. എൻ. കൃഷ്ണപിള്ള സ്മാരക സംസ്കൃതി കേന്ദ്രം, പ്രൊഫ. എൻ. കൃഷ്ണപിള്ള സ്മാരക ഗ്രന്ഥശാല, പഠന ഗവേഷണ കേന്ദ്രം, പ്രൊഫ. എൻ. കൃഷ്ണപിള്ള മ്യൂസിയം, നന്ദനം ബാലവേദി, സാഹിതീ സഖ്യം, എൻ. കൃഷ്ണപിള്ള നാടകവേദി എന്നിങ്ങനെ വിവിധ ശാഖകളിലായി വിപുലമായ പ്രവർത്തനങ്ങളാണ് ഫൗണ്ടേഷന്റെ കീഴിൽ നടക്കുന്നത്. 2024-25 വർഷത്തിൽ പ്രൊഫ. എൻ. കൃഷ്ണപിള്ള ഫൗണ്ടേഷന്റെ 5 ജനറൽ കൗൺസിൽ യോഗങ്ങളും 5 ഗവേണിംഗ് കൗൺസിൽ യോഗങ്ങളും കൂടിയിട്ടുണ്ട്. കൗൺസിൽ യോഗ തീരുമാനങ്ങൾ കൃത്യമായി നടപ്പാക്കപ്പെടുന്നുമുണ്ട്.

1-2 2024-25 വർഷത്തെ പ്രധാന പ്രവർത്തനങ്ങൾ

പ്രൊഫ. എൻ. കൃഷ്ണപിള്ള കലോത്സവം, പ്രൊഫ. ആനന്ദക്കുട്ടൻ നായർ അനുസ്മരണം, സാഹിതീസഖ്യത്തിന്റെ സംഗമം, നന്ദനം ബാലവേദി പ്രവർത്തനങ്ങൾ, വനിതാവേദി തുടങ്ങിയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയുണ്ടായി. മലയാളം ഡിപ്ലോമ കോഴ്സ്, ലളിതം മലയാളം സർട്ടിഫിക്കറ്റ് കോഴ്സ്, സിവിൽ സർവ്വീസ് ഫൗണ്ടേഷൻ കോഴ്സ്, നെറ്റ്-സെറ്റ് പരിശീലനം മുതലായ കോഴ്സുകളും 2024-25 വർഷം നടത്തിയിട്ടുണ്ട്.

1-3 ബജറ്റ്

2024-25 ലെ വാർഷിക ബജറ്റ് 12/02/2024ന് ചേർന്ന ഗവേണിംഗ് കൌൺസിൽ യോഗത്തിൽ അംഗീകരിച്ചിട്ടുണ്ട്. ആയത് പ്രകാരം 55,00,000/- രൂപ വരവും അത്ര തന്നെ ചെലവും പ്രതീക്ഷിക്കുന്നു.

1-4 വിവിധ കോഴ്സുകളുടെ വിവരം

സ്ഥാപനത്തിൽ നിലവിൽ താഴെ പറയുന്ന കോഴ്സുകൾ നടത്തി വരുന്നു.

കോഴ്സിന്റെ പേര്	ബാച്ച് നമ്പർ	ആകെ പഠിതാക്കളുടെ എണ്ണം	കോഴ്സ് പൂർത്തീകരിച്ച പഠിതാക്കളുടെ എണ്ണം
ലളിതം മലയാളം സർട്ടിഫിക്കറ്റ് കോഴ്സ്	6	2	2
ലളിതം മലയാളം സർട്ടിഫിക്കറ്റ് കോഴ്സ്	7	2	2
ലളിതം മലയാളം സർട്ടിഫിക്കറ്റ് കോഴ്സ്	8	2	0
ലളിതം മലയാളം ഡിപ്ലോമ കോഴ്സ്	3	1	1
ലളിതം മലയാളം ഡിപ്ലോമ കോഴ്സ്	4	1	1
ലളിതം മലയാളം ഡിപ്ലോമ കോഴ്സ്	5	3	3
ലളിതം മലയാളം ഡിപ്ലോമ കോഴ്സ്	6	1	1
സിവിൽ സർവ്വീസ് ഫൌണ്ടേഷൻ കോഴ്സ്	3	2	0
നെറ്റ്-സെറ്റ് കോഴ്സ്	1	16	11
നെറ്റ്-സെറ്റ് കോഴ്സ്	2	6	3

സ്ഥാപനം നടത്തുന്ന വിവിധ കോഴ്സുകളെ സംബന്ധിച്ച വിവരം വിപുലമായ രീതിയിൽ പരസ്യപ്പെടുത്തേണ്ടതും കൂടുതൽ വിദ്യാർത്ഥികളെ പ്രസ്തുത കോഴ്സുകളിൽ പങ്കെടുപ്പിക്കുന്നതിനും പഠിതാക്കൾ കോഴ്സ് പൂർത്തീകരിക്കുന്നു എന്ന് ഉറപ്പു വരുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-5 നിയതമായ രീതിയിലുള്ള രസീതു ബുക്കുകൾ ഉപയോഗിക്കേണ്ടതാണ്

സ്ഥാപനത്തിനു ലഭിക്കുന്ന വാടക, കോഴ്സ് ഫീ, ലൈബ്രറി ഫീ, സംഭാവന , പുസ്തക വിൽപ്പന തുക, മറ്റ് വരവുകൾ എന്നിവയെല്ലാം രസീതു മുഖാന്തിരമാണ് സ്വീകരിക്കുന്നത്. എന്നാൽ കേരള ട്രഷറി കോഡ് വോള്യം 1 റൂൾ 90 ൽ നിഷ്കർഷിക്കും പ്രകാരമുള്ള ഡബിൾ ഫെയ്സ്ഡ് കാർബൺ പേപ്പർ ഉപയോഗിച്ചുള്ള രസീതു ബുക്കുകളല്ല സ്ഥാപനത്തിൽ ഉപയോഗിക്കുന്നത്. വരവു തുകകളുടെ വിവരം കൌണ്ടർഫോയിലിൽ രേഖപ്പെടുത്തുന്ന തരം രസീതു ബുക്കുകളാണ് സ്ഥാപനത്തിൽ നിലവിൽ ഉപയോഗിക്കുന്നത്. ഡബിൾ ഫെയ്സ്ഡ് കാർബൺ പേപ്പർ ഉപയോഗിച്ചുള്ള രസീതു ബുക്കുകൾ ഉപയോഗിക്കുന്നത് സ്ഥാപനത്തിന്റെ സാമ്പത്തിക സുതാര്യത കൂടുതൽ ഉറപ്പുവരുത്തുന്നതിന് സഹായകമാണ്. ആയതിനാൽ കേരള ട്രഷറി കോഡ് പ്രകാരമുള്ള രസീതു ബുക്കുകൾ ഉപയോഗിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

ഭാഗം -2

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 സർക്കാർ സഹായം

ക്രമ നം	ഗ്രാന്റ് അനുവദിച്ച ഉത്തരവ്	തുക (രൂപയിൽ)	ക്രെഡിറ്റ് ചെയ്ത തീയതി
1	സ.ഉ.(സാധാ) നം 233/2024/ CLAD തീയതി 08.05.2024	4,00,000/-	21.05.2024

2	സ.ഉ.(സാധാ) നം 443/2024/ CLAD തീയതി 09.082024	4,50,000/-	29.08.2024
3	സ.ഉ.(സാധാ) നം 611/2024/CLAD തീയതി 25.10.2024	2,50,000/-	05.11.2024
4	സ.ഉ.(സാധാ) നം 137/2025/CLAD തീയതി 18.03.2025	3,40,000/-	19.03.2025
	ആകെ	14,40,000/-	

2-2 മറ്റ് ഏജൻസികളിൽ നിന്നുള്ള ധനസഹായം

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	ഗ്രാന്റ് വിവരം	തുക	ക്രഡിറ്റ് തീയതി
1	കേരള സംസ്ഥാന ലൈബ്രറി കൌൺസിൽ	ലൈബ്രേറിയൻ അലവൻസ്	12110	04.09.2024
2	കേരള സംസ്ഥാന ലൈബ്രറി കൌൺസിൽ	ഫെസ്റ്റിവൽ അലവൻസ്	2000	13.09.2024
3	കേരള സംസ്ഥാന ലൈബ്രറി കൌൺസിൽ	ലൈബ്രറി ഗ്രാന്റ്	21820	10.10.2024
4	കേരള സംസ്ഥാന ലൈബ്രറി കൌൺസിൽ	പ്രവർത്തന ഗ്രാന്റ്	8850	17.02.2025
		ആകെ	44780/-	

ഭാഗം -3

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1 പ്രത്യേക പരാമർശങ്ങൾ

ഇല്ല

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സാമ്പത്തിക നില

മുന്നിരിപ്പ്	1955264.51
വരവ്	2488664.00
ആകെ	4443928.51
ചെലവ്	2352214.00
നീക്കിയിരിപ്പ്	2091714.51

നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ

		പാസ്സ് ബുക്ക് പ്രകാരം	കാഷ് ബുക്ക് പ്രകാരം
കയ്യിരിപ്പ് പണം	293.00		293.00
ബാങ്ക് (എസ്. ബി. ഐ) A/C No 67003353999		742504.46	742504.46
ബാങ്ക് (എസ്. ബി. ഐ) A/C No 67028734965		736.05	736.05
ട്രഷറി (എസ് ബി അക്കൗണ്ട്)799010100057942		348181.00	348181.00

ഫിക്സഡ് ഡിപ്പോസിറ്റ്-42411271927-SBI		500000.00	500000.00
ഫിക്സഡ് ഡിപ്പോസിറ്റ്-42411179557-SBI		500000.00	500000.00
ആകെ			2091714.51

4-2 സ്ഥിര നിക്ഷേപങ്ങളുടെ വിശദാംശം

ക്രമ നമ്പർ	സ്ഥിരനിക്ഷേപ അക്കൌണ്ട് നമ്പർ	തുക	പലിശ നിരക്ക്	കാലാവധി പൂർത്തിയാകുന്ന തീയതി
1	42411271927-SBI	500000	7%	04.11.2025
2	42411179557-SBI	500000	7%	04.11.2025

04.11.2025ൽ ഫിക്സഡ് ഡിപ്പോസിറ്റ് പുതുക്കി നിക്ഷേപിച്ചിട്ടുണ്ട്.

4-3 ഓഡിറ്റ് ചാർജ്ജ്

(എ)

2024-25 ലെ ആകെ വരവ്	2488664
കുറയ്ക്കുക- ഗ്രാന്റുകൾ	1484780
ഓഡിറ്റ് ചാർജ്ജിന് കണക്കാക്കാവുന്ന വരവ്	1003884
ഓഡിറ്റ് ചാർജ്ജ് 1%	10039

2024-25 വർഷത്തെ ഓഡിറ്റ് ചാർജ്ജിനത്തിൽ 10,039/- രൂപ "0070-60-110-99ഓഡിറ്റ് ചാർജ്ജ്" എന്ന ശീർഷകത്തിൽ ഒടുക്കി ചെല്ലാൻ ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം -33 എന്ന വിലാസത്തിൽ അയച്ചുകൊടുക്കേണ്ടതും വിവരം ജില്ലാ ഓഡിറ്റ് കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

(ബി)- ഓഡിറ്റ് ചാർജ്ജ് അടച്ചതിന്റെ വിശദാംശങ്ങൾ

ഓഡിറ്റ് വർഷം	ഓഡിറ്റ് ചാർജ്ജ്	അടവാക്കിയ തുക	അടവാക്കാൻ ശേഷിക്കുന്ന തുക	ചെല്ലാൻ നം, തീയതി
2023-24	9302	9302	0	KL026686884202425E/21.11.2024

4-4 അനുബന്ധ പത്രികകൾ

1) വരവ് ചെലവ് പത്രിക

2024-25 വർഷത്തെ വരവ്-ചെലവ് പത്രിക അനുബന്ധം 1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

2) ഓഡിറ്റ് സർട്ടിഫിക്കറ്റ്

2024-25വർഷത്തെ ഗ്രാന്റ് വിനിയോഗ സർട്ടിഫിക്കറ്റ് അനുബന്ധം 2 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം

അനുബന്ധം I

വരവ് ചെലവ് പത്രിക

പ്രൊഫ. എൻ.കൃഷ്ണപിള്ള ഫൗണ്ടേഷന്റെ 2024-25സാമ്പത്തിക വർഷത്തെ വരവ് ചെലവ് പത്രിക

വരവ്	തുക (രൂപ)	ചെലവ്	തുക (രൂപ)
മുന്നിരിപ്പ്	1955264.51	സ്റ്റേഷനറി	21644.00
വാടക	575850.00	പോസ്റ്റേജ്	907.00
ലൈബ്രറി മെമ്പർഷിപ്പ്	59000.00	കലോത്സവം	426546.00
സംഭാവന	83700.00	ലോകനാടകദിനാഘോഷം	6600.00
പുസ്തക വിറ്റുവരവ്	16091.00	പ്രൊഫ ആനന്ദക്കുട്ടൻ അനുസ്മരണം	10164.00
പാഴ്വസ്തുക്കൾ വിറ്റത്	1267.00	ലളിതം മലയാളം കോഴ്സ്	58450.00
കോഴ്സ് ഫീ ലളിതം മലയാളം	60000.00	സിവിൽ സർവ്വീസ് ഫൌണ്ടേഷൻ കോഴ്സ്	2000.00
കോഴ്സ് ഫീ നെറ്റ് സെറ്റ്	167205 .00	കോഴ്സ് നെറ്റ് സെറ്റ്	87252.00
പലവക വരവുകൾ	5294.00	ലൈബ്രറി	277381.00
റ്റി.ഡി.എസ് റീഫണ്ട്	4010.00	പത്രം, മാസിക	20135.00
ഗ്രാന്റ്-കേരള സർക്കാർ	1440000.00	റിഫ്രഷ്മെന്റ്	31003.00
ഗ്രാന്റ്-ലൈബ്രറി കൗൺസിൽ	44780.00	യാത്രാചെലവ്	4415.00
പലിശ	31467.00	ഇൻവെന്ററീസ്	180821.00
		ഓഡിറ്റ് ഫീസ്	42232.00
		ലിഫ്റ്റ്	28317.00
		വെബ് സൈറ്റ്	7054.00
		റ്റി ഡി എസ്	200.00
		പലവക	41116.00
		ടെലഫോൺ	24813.00
		വൈദ്യുതചാർജ്ജ്	61480.00
		വെള്ളം	6123.00
		റിപ്പയർ ആന്റ് മെയിന്റനൻസ്	285334.00
		ഇൻഷുറൻസ്	25485.00
		ക്ളീനിംഗ് മെറ്റീരിയൽസ്	1350.00
		സർവ്വീസ് ചാർജ്ജസ്	9800.00
		ശമ്പളം	622064.00
		ഇന്ധനം	30094.00
		പ്രിന്റിംഗ്	39434.00
		നീക്കിയിരിപ്പ്	
		കൈവശം	293.00
		ബാങ്ക്	743240.51
		ട്രഷറി	348181.00
		എഫ് ഡി	1000000.00
ആകെ	4443928.51	ആകെ	4443928.51

ജോയിന്റ് ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.

അനുബന്ധം-2

ഓഡിറ്റ് സർട്ടിഫിക്കറ്റ്

പ്രൊഫ. എൻ. കൃഷ്ണപിള്ള ഫൗണ്ടേഷൻ എന്ന സ്ഥാപനത്തിന്റെ 2024-25 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഓഡിറ്റിന് ആവശ്യമായ എല്ലാ വിവരങ്ങളും യഥാസമയം ലഭ്യമാക്കുകയും അതിൽ നിന്നുള്ള നിരീക്ഷണങ്ങൾ റിപ്പോർട്ടിൽ ചേർക്കുകയും ചെയ്തിട്ടുണ്ട്. ഈ നിരീക്ഷണങ്ങളുടേയും അതിൻമേൽ ലഭിച്ച വിശദീകരണങ്ങളുടെയും സ്ഥാപനം സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററുകളുടേയും രേഖകളുടെയും അടിസ്ഥാനത്തിൽ പ്രൊഫ. എൻ. കൃഷ്ണപിള്ള ഫൗണ്ടേഷന് 2024-25 സാമ്പത്തിക വർഷം സംസ്ഥാന സർക്കാരിൽ നിന്നും ലഭിച്ച 14,40,000/-രൂപ (പതിന്നാല് ലക്ഷത്തി നാൽപ്പതിനായിരം രൂപ മാത്രം) യുടെ ധനസഹായം സർക്കാർ നിർദ്ദേശമനുസരിച്ച് വിനിയോഗിച്ചിട്ടുള്ളതായി ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.